ധനകാര്യ മാനേജ്മെന്റ് രംഗത്ത് വരുത്തിയ പരിഷ്കരണങ്ങൾ

8 (*37) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൽ റസാക് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധനകാര്യ മാനേജ്മെന്റ് രംഗത്ത് വരുത്തിയ പരിഷ്കരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ഇതുമൂലം പദ്ധതി പ്രവർത്തനങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂർത്തിയാക്കാൻ സാധിച്ച പ്രധാന പദ്ധതികളുടെയും ആവിഷ്കരിച്ച് നടപ്പാക്കിയ പ്രധാന പദ്ധതികളുടെയും വിശദ വിവരം നൽകാമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ&ബി) ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിഭവ സംരക്ഷണത്തിനും അധികവിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗറ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി സ്ഥിരമാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ, ആരോഗ്യ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാരിന്റെ വൻകിട പദ്ധതികളുടെ പൂർത്തീകരണത്തിനായി

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന ആറുമാസത്തിനുള്ളിൽ 1000 കോടി രൂപയെങ്കിലും ധനവിപണിയിൽ നിന്ന് സമാഹരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുവാനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ കൈവശമുള്ള ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേക്ക് മാറ്റേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അധിക വിഭവസമാഹരണ നിർദ്ദേശങ്ങൾ കൂടാതെ ചെലവ് ചുരുക്കലിനുള്ള നിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20% കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. 2015 മാർച്ച് 31 വരെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്ഥാപനങ്ങളും ഏജൻസികളും രൂപീകരിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. മുപ്പതിനായിരത്തോളം താത്ക്കാലിക തസ്തികകൾ അധികമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ 25 ശതമാനം 2014-15-ൽ തന്നെ നിർത്തലാക്കാനും തീരുമാനിച്ചിട്ടുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി. സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 19-9-2014-ലെ സ.ഉ.(പി) നമ്പർ 399/14/ധന, സ.ഉ.(പി)നമ്പർ 400/14/ധന, 23-0-2014-ലെ സ.ഉ.(പി) നമ്പർ 409/14/ധന, 10-11-2014-ലെ സ.ഉ.(പി) നമ്പർ 482/14/ധന, 29-12-2014-ലെ സ.ഉ.(പി) നമ്പർ 583/14/ധന എന്നീ ഉത്തരവുകൾ പ്രകാരമാണ് ഈ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.

വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിന് പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ. ദീർഘകാല ശമ്പളരഹിത അവധി അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ താത്കാലികമായി മാത്രമേ നികത്താവൂ തുടങ്ങിയ നിർദ്ദേശങ്ങളും 11-10-2013-ലെ 515/2013/ധന. നമ്പർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. 11-10-2013-ലെ സ.ഉ.(പി) നമ്പർ 515/13/ധന, 28-11-2013-ലെ സ.ഉ.(പി) നമ്പർ 580/13/ധന. എന്നീ ഉത്തരവുകൾ വഴി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളുടെ ഫണ്ട് വിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുഗമമായ പദ്ധതി നിർവ്വഹണത്തിനും 23-2-2015-ലെ സ.ഉ.(പി) നമ്പർ 48/2015/ ധന. പ്രകാരം നടപ്പിലാക്കിയ സമ്പ്രദായമാണ് ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിംഗ് (ELA). ഈ സമ്പ്രദായ പ്രകാരം അതാത് സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ മാർച്ച് 31-നുമുമ്പ് വിനിയോഗിക്കാൻ കഴിയും എന്ന് ഉറപ്പുള്ള തുക മാത്രം ടി.എസ്.ബി.യിലേയ്ക്ക് മാറ്റി വരവ് വയ്ക്കാൻ അനുവാദം നൽകുകയും തുടർന്നുള്ള സാമ്പത്തിക വർഷം സെപ്റ്റംബർ 30-നുമുമ്പ് ചെലവഴിക്കുവാൻ കഴിയുമെന്നുള്ള തുക ലെഡ്ജർ അക്കൗണ്ടിലേക്ക് മാറ്റുകയുമാണ് ചെയ്യുന്നത്. ഇങ്ങനെ ലെഡ്ജർ അക്കൗണ്ടിലേക്ക് മാറ്റിയ തുക സെപ്റ്റംബർ 30-ന് മുമ്പുതന്നെ ചെലവഴിക്കേണ്ടതും അല്ലാത്ത പക്ഷം ലാപ്സായി പോകുമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഈ പരിഷ്കരണത്തിലൂടെ സർക്കാർ നൽകുന്ന ഫണ്ടുകൾ വിനിയോഗിക്കപ്പെടാതെ ദീർഘകാലം ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുവാനും ഫണ്ട് വിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും സാധിക്കും.

മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർക്ക് കുടിശിക തുക മാറി നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ബാങ്കുകൾ മുഖേന ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ആവിഷ്കരിച്ചിട്ടുണ്ട്. ഇതുപ്രകാരം ബാങ്കുകൾ കരാറുകാരുടെ ചെക്ക് തുകയുടെ ഒരു നിശ്ചിത ശതമാനം ഡിസ്കൗണ്ട് ചെയ്തശേഷം ബാക്കി തുക കരാറുകാർക്ക് നൽകുന്നു. ഇപ്രകാരം ഡിസ്കൗണ്ടു ചെയ്യുന്ന തുകയുടെ 25% സർക്കാർ മടക്കി നൽകുന്നതാണ്. തുക നേരത്തെ ലഭിക്കുന്നതുകൊണ്ട് കരാറുകാർക്ക് മറ്റു പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ കഴിയുന്നു എന്ന നേട്ടമുണ്ട്. ഈ സമ്പ്രദായം ഇപ്പോൾ പ്രാരംഭദശയിലാണ്.

(സി) കാർഷിക മേഖലയുടെ പുരോഗതി ലക്ഷ്യമിട്ടുകൊണ്ടുള്ള ഹൈടെക് ഫാമിംഗ് പദ്ധതി, നിറവ് പദ്ധതി, കേരകർഷകർക്ക് കൈത്താങ്ങായി നീരയുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉൽപ്പാദനം, വൈറ്റില മൊബിലിറ്റി ഹബ്ബ്, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി, കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നുള്ള കാരുണ്യം ചികിൽസാ സഹായനിധിയിൽ നിന്ന് 25,000 രോഗികൾക്ക് 250 കോടി രൂപയുടെ ധനസഹായം, തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല, സർക്കാരിന്റെ ഭരണപരവും നയപരവുമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് സംവിധാനം, പി.എസ്.സി. പരീക്ഷയ്ക്ക് ഓൺലൈൻ സംവിധാനം, 2004-2009 കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പയെടുത്ത് തൊഴിൽരഹിതരായി തുടരുന്ന

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയിന്മേലുള്ള പലിശ സബ്സിഡി, വൈദ്യുതി സ്വയംപര്യാപ്തത ലക്ഷ്യമാക്കി റാന്നി-പെരിനാട്, പീച്ചി പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യൽ, വിദ്യാർത്ഥി സംരംഭകത്വ പദ്ധതി, വിദ്യാർത്ഥികൾക്കുള്ള അധിക നൈപുണ്യ പദ്ധതി, 2011-12 വർഷം 14 ജില്ലകളിലായി ആകെ 3407 ഹെക്ടർ സ്ഥലത്ത് തരിശ്ശുനില കൃഷി നടപ്പിലാക്കൽ, എല്ലാ ക്ഷേമ പെൻഷനുകളും 500 രൂപയായി വർദ്ധിപ്പിച്ചത്, സിവിൽ സപ്ലൈസ് വകുപ്പിൽ കംപ്യൂട്ടറൈസേഷൻ പൈലറ്റ് പ്രോജക്ട്, സ്ത്രീ ശാക്തീകരണ നയത്തിനനുസൃതമായി കെ.എസ്.ആർ.ടി.സി. 46 ബസ് സ്റ്റേഷനുകളിൽ സുരക്ഷിത സ്ത്രീ യാത്രാപദ്ധതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ജനനിജന്മരക്ഷ, ഗോത്രസാരഥി തുടങ്ങിയ പദ്ധതികൾ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമം തടയാൻ നിർഭയ, തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് നഗരങ്ങളിൽ 1522 കോടി രൂപയുടെ സുസ്ഥിര നഗരവികസന പദ്ധതികൾ, ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ എണ്ണം അഞ്ചിൽ നിന്നും പതിനാലാക്കൽ തുടങ്ങിയവ ഈ സർക്കാർ പൂർത്തീകരിച്ച പ്രധാന പദ്ധതികളിൽ ചിലതാണ്. കൂടാതെ കേരളത്തിന്റെ സ്വപ്ന പദ്ധതിയായ കൊച്ചി മെട്രോ നിർമ്മാണം അന്തിമഘട്ടത്തിലാണ്. കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയും പുരോഗമിച്ചു വരികയാണ്.

ബി.ഒ.ബി. വ്യവസായ സംഗമം

9 (* 38) <u>ശ്രീ. ലൂഡി ലൂയിസ്</u>:

<u>ശ്രീ. എ. റ്റി. ജോർജ്</u>:

<u>ശ്രീ. പാലോട് രവി</u>:

<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബി.ഒ.ബി. വ്യവസായ സംഗമം നടത്തിയിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) എന്തെല്ലാം വിഷയങ്ങളാണ് പ്രസ്തുത സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത് ;

(ഡി) സംഗമത്തിൽ ചർച്ച ചെയ്ത വിഷയങ്ങളിൽ എന്തെല്ലാം തുടർ നടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly